മൂന്നാർ ഡിവിഷനിലെ വനഭൂമിയിലെ കഞ്ചാവ് കൃഷി

37. [1523] ശ്രീ. പിണറായി വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ മൂന്നാർ ഡിവിഷനിലെ വനഭൂമിയിൽ വ്യാപകമായ തോതിൽ കഞ്ചാവ് കൃഷി നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുക ഉണ്ടായോ ; ഏത് ഏജൻസിയെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുള്ളത് ;

(സി) വനം വകുപ്പ് ഉദ്യോഗസ്ഥരിൽ ചിലരുടെ സഹായത്തോടെ ആണ് കഞ്ചാവ് കൃഷി നടന്നുവരുന്നതെന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നശിപ്പിക്കാൻ കഴിഞ്ഞ കഞ്ചാവ് എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. വനം വകുപ്പിന്റെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്.

(സി) ഇല്ല.

(ഡി) 4874 കഞ്ചാവ് ചെടികളാണ് നശിപ്പിച്ചിട്ടുള്ളത്.

അനധികൃതമായി വനസമ്പത്ത് കടത്തിക്കൊണ്ടുപോകുന്നത് തടയാൻ നടപടി

38. [1524] ശ്രീ. എ. പത്മകുമാർ :

,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-ന് ശേഷം 1996 മാർച്ച് വരെ സംസ്ഥാനത്ത് വനം കൈയ്യേറ്റവും വനസമ്പത്ത് കൊള്ളയടിക്കലും സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട് ;

(സി) ഈ കാലയളവിൽ മൊത്തം എന്തു തുകയുടെ വനസമ്പത്താണ് കൊള്ളയടിക്കപ്പെട്ടിട്ടുള്ളത് ;

(ഡി) അനധികൃതമായി വനസമ്പത്ത് കടത്തിക്കൊണ്ടുപോയ എത്ര വാഹനങ്ങൾ ഈ കാലയളവിൽ കസ്റ്റഡിയിലെടുത്തിട്ടുണ്ട് ;

(ഇ) ഇതിൽ എത്ര വാഹനങ്ങൾ ഉടമകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ), (ബി), (സി), (ഡി), (ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly